പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1302 04/02/2019-ൽ മറുപടിക്ക്

എച്ച്.എസ്.എ നിയമന യോഗ്യത

**ചോദ്യം**

ശ്രീ. യു.ആർ. പ്രദീപ്:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകരുടെ മിനിമം യോഗ്യത എന്താണ്;

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകരുടെ മിനിമം യോഗ്യത ചുവടെ ചേർക്കുന്നു.

A Degree in the concerned subject and B.Ed/BT in the concerned subject conferred or recognised by the Universities in Kerala.

കൂടാതെ കെ-ടെറ്റ് യോഗ്യത നേടിയിരിക്കണം.

(ബി) ഡിഗ്രിക്ക് ഫിസിക്സ് മെയിൻ സബ്ജക്ടിനോടൊപ്പം കെമിസ്ട്രിയും, കെമിസ്ട്രിയോടൊപ്പം ഫിസിക്സും സബ്സിഡിയറിയായി പഠിച്ചിരിക്കണം എന്ന വ്യവസ്ഥ നിലവിലുള്ളതുകൊണ്ട് ബന്ധപ്പെട്ട വിഷയങ്ങളിൽ പി.ജി ഉണ്ടായിട്ടും ഡിഗ്രിക്ക് സബ്സിഡിയറിയായി കമ്പ്യൂട്ടർ സയൻസ് പോലുള്ള വിഷയങ്ങൾ പഠിച്ചു എന്ന കാരണത്താൽ പി.എസ്.സി വഴിയുള്ള എച്ച്.എസ്.എ നിയമനങ്ങളിൽ നിന്നും ഒഴിവാക്കപ്പെടുന്നുവെന്ന ഉദ്യോഗാർത്ഥികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡിഗ്രിക്ക് ഫിസിക്സ് മെയിൻ സബ്ജക്ടിനോടൊപ്പം കെമിസ്ട്രിയും, കെമിസ്ട്രിയോടൊപ്പം ഫിസിക്സും സബ്സിഡിയറിയായി പഠിച്ചിരിക്കണം എന്ന നിർദ്ദേശം സർക്കാർ നല്കിയിട്ടില്ലെങ്കിലും ബഹു. KAT ന്റെ O.A No.370/12 മേലുള്ള 19/06/12-ലെ വിധിയെ തുടർന്ന് പി.എസ്.സി ടി വ്യവസ്ഥ പിന്തുടരുന്നതിനാൽ പല ഉദ്യോഗാർത്ഥികൾക്കും ജോലി ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

മേൽ കോടതി വിധിക്ക് അനുസൃതമായി എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് ബിരുദ തലത്തിൽ ഫിസിക്സ്, കെമിസ്ട്രി മുഖ്യ വിഷയമായോ ഉപവിഷയമായോ നേടിയവരെ മാത്രം പരിഗണിച്ചാൽ മതിയോ എന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

(സി) ഹൈസ്കൂൾ വിദ്യാഭ്യാസം പരിപൂർണ്ണമായി ഹൈടെക് തലത്തിലേക്ക് മാറിയതുകൊണ്ട് എച്ച്.എസ്.എ നിയമനങ്ങളിൽ, സബ്സിഡിയറിയായി കമ്പ്യൂട്ടർ സയൻസ് പഠിച്ചവരെയും പരിഗണിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ?

(സി) നിലവിലെ നിയമങ്ങൾ അത് അനുവദിക്കുന്നില്ല.

സെക്ഷൻ ഓഫീസർ